പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*287

11-12-2018-ലെ മറുപടിയ്ക്ക്

## പ്രളയത്തിൽ വിള നശിച്ചവർക്ക് കാലാവസ്ഥ വ്യതിയാന ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്** | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| പ്രളയത്തിൽ വിളനശിച്ചവർക്ക് കാലാവസ്ഥ വ്യതിയാന ഇൻഷ്വറൻസ് ലഭിക്കാത്ത സാഹചര്യത്തിൽ ഇൻഷ്വറൻസിന്റെ മാനദണ്ഡങ്ങൾ തയ്യാറാക്കുമ്പോൾ സംസ്ഥാന കൃഷിവകുപ്പിന്റെ സാങ്കേതിക സമിതിയുടെ പിഴവ് പരിഹരിച്ച് കർഷകർക്ക് ഇൻഷ്വറൻസ് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ? | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. കാലാവസ്ഥയുടെ കൂടുതൽ ഘടകങ്ങൾ ഉൾപ്പെടുത്തുമ്പോൾ പ്രീമിയം വർദ്ധിക്കും.<br><br>എന്നാൽ 2018 ഖാരിഫ് സീസൺ വരെ തീവ്രവർഷവും പ്രളയവും എന്ന ഘടകങ്ങൾ ഉൾപ്പെട്ടിരുന്നില്ല. 2018-2019 റാബി സീസണിൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്ര വർഷവും, പ്രളയവും, ഉരുൾപൊട്ടലും, അധിക ഇൻഷ്വറൻസ് പരിരക്ഷ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി വിജ്ഞാപനം ചെയ്യുന്ന ഓരോ വിളയ്ക്കും ഏറ്റവും ആവശ്യമായ കാലാവസ്ഥാ ഘടകങ്ങൾ തിരഞ്ഞെടുക്കുകയും അതിന്റെയെല്ലാം തോത് നിർണ്ണയിക്കുകയുമാണ് സംസ്ഥാന കൃഷി വകുപ്പിന്റെ സാങ്കേതിക സമിതി ചെയ്യുന്നത്. ആയതിനാൽ നിലവിലെ റാബി സീസണിലും (2018-19) വരുംവർഷങ്ങളിലും മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും, പ്രളയവും അനുബന്ധക്കെടുതികളും എല്ലാ ജില്ലകളിലും അധിക ഇൻഷ്വറൻസ് പരിരക്ഷ |

| | |
|---|---|
| | ആയി ഉൾപ്പെടുത്തി വിജ്ഞാപനമിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. PMFBY യുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പരിരക്ഷ കർഷകർക്ക് ഉറപ്പ് വരുത്താനും കാര്യക്ഷമമാക്കാനുമായി കേന്ദ്രസർക്കാരിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി രണ്ട് ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**